## Digital Magazine 2023- 24



# വർണ്ണച്ചിറകുകൾ

## GOVT. TECHNICAL HIGH SCHOOL, MANJERI

*Reg. No. LK/2018/18501*

# ആമുഖം

മഞ്ചേരി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ 2022–25 ബാച്ച് ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന ഡിജറ്റൽ മാഗസിനാണ് '**വർണ്ണച്ചിറകുകൾ**'. കുഞ്ഞുമനസിന്റെ നിഷ്കളങ്കതയിൽ അക്ഷരങ്ങൾ കൊണ്ടും ചായക്കൂട്ടുകൾ കൊണ്ടും സൗഹൃദത്തിന്റെയും നന്മയുടെയും സന്തോഷത്തിന്റെയും വിസ്മയച്ചുമർ ഇവിടെ തുറക്കുകയാണ്. അവരുടെ ലോകം എത്ര മഹത്തരമാണെന്ന് ഓരോ കുട്ടിയുടെയും നിറമുള്ള താളുകൾ നമ്മോട് പറയുന്നു. അവരുടെ രചനകളിലൂടെ നാം കണ്ണോടിക്കുമ്പോൾ ഒരു നവാനുഭൂതിയുടെ വസന്തം തന്നെ നമ്മിൽ സൃഷ്ടിക്കും. പോരായ്മകൾ ഉണ്ടാകാം എങ്കിലും രസകരവും ചിന്തനീയവും വിജ്ഞാനപ്രദവുമായ നല്ല വായനക്കായി **'വർണ്ണച്ചിറകുകൾ'** ഇവിടെ സമർപ്പിക്കുന്നു.

എന്ന്

എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

വിനോദ്. എസ്. ബി

കവർ ഡിസൈനർ & എഡിറ്റർ

സജീവ് കുമാർ. പി

സ്റ്റുഡൻസ് എഡിറ്റർ

അദ്നാൻ. വി.പി

ഡി.ടി.പ്പി

പാർത്ഥീവ് കൃഷ്ണ. ഇ.ടി

അഹമ്മദ് റാസി. പി. കെ

ഹാദി മുഹമ്മദ്. കെ. കെ

ലിറ്റിൽ കൈറ്റ് മിസ്ട്രസ്സ്

ജിൽസി ജോർജ്ജ്

നുസ്റത്ത്.കെ

# ആശംസ



വിനോദ്. എസ്. ബി
സൂപ്രണ്ട്

മഞ്ചേരി ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2022-2025 ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കിയ വിജ്ഞാനപ്രദമായ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# ആശംസ



സുബൈർ എം
SITC
ഗവ.ടെക്നിക്കൽ ഹൈസ്കൂൾ
മഞ്ചേരി

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിലെ വിദ്യാർത്ഥികൾ ചേർന്ന് വർണ്ണച്ചിറകുകൾ എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിനിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗവൈഭവവും വിവരസാങ്കേതിക മികവും പരിപോഷിപ്പിക്കാൻ ഈ ഉദ്യമം സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.

# ഇൻഫർമേഷൻ ടെക്നോളജിയുടെ പ്രധാന്യം

വിവരസാങ്കേതികവിദ്യയുടെ കാലഘട്ടത്തിലാണ് നാം ഇന്നു ജീവിക്കുന്നത്. ഇന്നത്തെ സാമൂഹിക പരിസ്ഥിതിയ്ക്കനുസരിച്ച് അതിശക്തമായി ഇൻഫർമേഷൻ ടെക്നോളജി അനുദിനം വികസിപ്പിച്ചെടുക്കുവാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്. ഇൻഫർമേഷൻ ഉല്പാദിപ്പിക്കുവാനോ കൈമാറ്റം ചെയ്യുവാനോ ഒരുക്കുന്ന ഏതൊരു സാങ്കേതിക വിദ്യയേയും ഇൻഫർമേഷൻ ടെക്നോളജി എന്ന് പറയാം. ഇന്ന് ഈ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്നത് കമ്പ്യൂട്ടറുകളാണ്.

നഗരങ്ങളും വ്യവസായങ്ങളും അന്താരാഷ്ട്രതലത്തിലേക്ക് വളർന്ന് വികസിച്ചിരുന്ന ഇന്നത്തെ സാഹചര്യത്തിൽ ഐ.ടി. യുടെ സ്വാധീന്യം അനിവാര്യമാണ്.

കണക്കുകൾ ചെയ്യാൻ മാത്രം എന്ന അവസ്ഥയിൽ നിന്ന് ആലോചിച്ച് സ്വയം തീരുമാനമെടുക്കുന്ന ഒരു അവസ്ഥയിലേക്ക് ആലോചിച്ച് സ്വയം തീരുമാനമെടുക്കുന്ന അവസ്ഥയിലേക്ക് കമ്പ്യൂട്ടർ വളർന്നിരിക്കുകയാണ്. സലോകത്തെമ്പാടുമുള്ള കമ്പ്യൂട്ടറുകൾ കൈകോർത്തു പിടിക്കുന്ന ഒരു വലിയ ശ്യംഖലയാണ് ഇന്റർനെറ്റ്. ആശയങ്ങൾ കൈമാറുവാനുള്ള വിപുലമായ ഒരു സംവിധാനമാണിത്. വിജ്ഞാനത്തിന് പുറമെ വിനോദം,കല,ശാസ്ത്രം,രാഷ്ട്രീയം എന്നീ മേഖലകളിലേക്കും ഇതിന്റെ പ്രയോജനം എത്തിക്കാൻ കഴിയും.

ദൃശ്യമാധ്യമ രംഗത്ത് ഇൻഫർമേഷൻ സാങ്കേതിക വിദ്യയുടെ സ്വാധീന്യം വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ട്. ചെറിയ നോട്ടീസുകൾ മുതൽ വൻകിടപത്രങ്ങൾ വരെ കമ്പ്യൂട്ടർ സഹായത്താലാണ് പുറത്തിറങ്ങുന്നത്. ഐ.ടി. മേഖലയുടെ ആദ്യ പടിയായ ടെലിവിഷൻ ലോകത്തിന്റെ എല്ലാ കോണിലുമുള്ള സംഭവങ്ങളും മുന്നേറ്റങ്ങളും അപ്പപ്പോൾ മുന്നിലെത്തിക്കുന്നു.

കലാസാംസ്കാരിക രംഗങ്ങളിലൊരു ആഗോളവൽക്കരണത്തിന് ഇൻഫർമേഷൻ ടെക്നോളജി തുടക്കം കുറിച്ചിട്ടുണ്ട്. സിനിമയും സംഗീതവും ചിത്രങ്ങളും എല്ലാം ലോകമെമ്പാടും ലഭിക്കുന്നത് ഇന്റർനെറ്റിലൂടെയാണ്. അഭിനയരംഗങ്ങൾ ചിത്രീകരിക്കുവാനും ഒന്നിലധികം റോളുകളിൽ അഭിനയിപ്പിക്കുവാനും മറ്റുനൂതനവിദ്യകൾ പ്രകടിപ്പിക്കുവാനും ഇതിലൂടെ കഴിയുന്നുണ്ട്.

ഐ.ടി. ഏറ്റവുമധികം പ്രയോജനപ്പെടുന്നത് വിദ്യാഭ്യാസമേഖലയിലാണ്. പാഠ്യഭാഗങ്ങൾ ദൃശ്യശ്രാവ്യമാധ്യമങ്ങളിലൂടെ വിദഗ്ദമായി അവതരിപ്പിക്കുവാൻ ഐ.ടി.ക്ക്കഴിയുന്നു. അധ്യാപനപ്രക്രിയ മികവുറ്റതാക്കാൻ പ്രാഥമിക വിദ്യാഭ്യാസം മുതൽ ഗവേഷണരംഗം വരെ ഇത് പ്രയോജനപ്പെടുന്നു.ആരോഗ്യപരിപാലന രംഗത്തും ഐ.ടി., ധാരാളം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. രോഗനിർണയത്തിനും, മരുന്നുകൾ നിർണ്ണയിക്കുന്നതിനും, നിർദ്ദേശിക്കുന്നതിനും ഉതകുന്ന പുതിയ സംവിധാനങ്ങൾ നിലവിൽവന്നു കഴിഞ്ഞു. ടെലി-മെഡിസിൻ,അൾട്രാസോണിക് തരംഗം, സ്കാനിംഗ് മെഷീനുകൾ, ഇ.സി.ജി,യന്ത്രങ്ങൾ എന്നിവയെല്ലാം ഐ.ടി.യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്തതാണ്. ബാങ്കുകൾ, സ്റ്റോക്ക് എക്സ്ചേഞ്ചുകൾ, ഇൻഷുറൻസ് മേഖല എന്നിവയെല്ലാം ഇൻഫർമേഷൻ ടെക്നോളജിയുടെ നേട്ടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. നോട്ടുകൾ യന്ത്രത്തിലൂടെ ലഭിക്കുന്നതും പ്രവർത്തിക്കുന്ന മെഷീനുകൾ വിവരസാങ്കേതിക വിദ്യകൊണ്ട് ഉണ്ടായതാണ്. അജ്ഞത ഫോണുകൾ തിരിച്ചറിയാനുള്ള സംവിധാനവും റെയിൽവെ,വിമാനം തുടങ്ങിയവയുടെ ടിക്കറ്റുകൾ ലഭിക്കുന്നതും ഐ.ടി.യുടെ മികച്ച നേട്ടമാണ്.

കാലാവസ്ഥ നിരീക്ഷണ രംഗത്ത് ഐ.ടിയുടെ സേവനം വളരെ വിലപ്പെട്ടതാണ്. വെള്ളപൊക്കം, കൊടുംങ്കാറ്റ്, വേനൽ എന്നിവയെക്കുറിച്ചുള്ള മുന്നറിയുപ്പുനൽകുന്നതിനും,കടലിന്റെ താപനില തിരിച്ചറിയുന്നതിനും ഇതുമൂലം സാധിക്കുന്നു. ഇവ കൂടാതെ മിസൈലുകളെയും ബോംബുകളേയും നിയന്ത്രിക്കുവാനും തടയുവാനും ഐ.ടി യുടെ പ്രവർത്തനം കൊണ്ട് സാധിക്കും.

ഇൻഫർമേഷൻ സാങ്കേതികവിദ്യയുടെ സ്വാധീനം വളരെ വലുതാണ്. ഇത് ജനജീവിതത്തിന്റെ വമ്പിച്ച മുന്നേറ്റമാണ് ഉണ്ടാക്കിയത്. ഇതിൽ ക്രിയാതമകരമായ പുരോഗതി ഉണ്ടെങ്കിലും വിനാശകരമായ കാര്യങ്ങളുണ്ട്. ഇവ ഉപയോഗിക്കുമ്പോൾ യുവതലമുറ വഴിതെറ്റാനിടയുണ്ട്.

ഇൻഫർമേഷൻ ടെക്നോളജിയുടെ വളർച്ച സാധാരണക്കാരെ ഉയരങ്ങളിലേക്ക് എത്തിച്ചിരിക്കുകയാണ്. ഇൻഫർമേഷൻ ഏറ്റവും വില പിടിച്ച വിഭവമായി അംഗീകരിക്കുന്ന സമൂഹമാണ് നമ്മുടേത്. ഈ സാങ്കേതിക വിദ്യ മാനവരാശിയുടെ പുരോഗഹതിക്ക് പല നേട്ടങ്ങളും ഇനിയും ഉണ്ടാകും എന്നകാര്യത്തിൽ യാതൊരു സംശയമില്ല.

**അസ്ജിൽ**
**9 B**

---

# സാങ്കേതിക വിദ്യയുടെ വിസ്മയലോകം

കൗതുകങ്ങളുടെയും വിസ്മയങ്ങളുടെയും ഒരു മായാലോകത്തിലൂടെയാണ് നാം ഇന്ന് കടന്നുപോകുന്നത്. റിമോട്ടിൽ പ്രവർത്തിക്കുന്ന ടോയ് കാറുകൾ തുടങ്ങി ഡ്രൈവർ ഇല്ലാതെ ഓടുന്ന കാറുകൾ വരെ നമ്മെ വിസ്മയിപ്പിക്കുന്നു. വൈദ്യുതിയിൽ ഓടുന്ന ബൈക്കുകൾ, കാറുകൾ, ബസ്സുകൾ വലിയലോറികൾ വരെ നാം കണ്ടുതുടങ്ങി. അവ ചാർജിങ് നടത്തുന്നത് വയറുകൾ ഘടിപ്പിക്കാതെയുള്ള വയർലെസ് ചാർജിങ് കൂടിയാലോ അതിശയം തന്നെ.

ഒരു സ്മാർട്ട് ഫോൺ ഉപയോഗിച്ച് വീടുകളിലെ ലൈറ്റുകൾ, ഫാനുകൾ, തുടങ്ങിയ ഉപകരണങ്ങൾ വിദൂരങ്ങളിൽ നിന്നും നിയന്ത്രിക്കാൻ ഇന്ന് കഴിയുന്നു. സ്മാർട്ട് ടോയ്സ് പോലുള്ള കുട്ടികളുടെ കളിപ്പാട്ടങ്ങൾ തുടങ്ങി സ്മാർട്ട് ചെയേഴ്സ്, സ്മാർട്ട് ബ്ലൈൻഡ് സ്റ്റിക്സ് സഹായികൾ ആവശ്യമായ മനുഷ്യരെ സഹായിക്കുന്ന ഉപകരണങ്ങൾ വരെ സാങ്കേതികവിദ്യയുടെ വിസ്മയങ്ങളാണ്. ഫോൾഡിംഗ് മൊബൈലുകൾ വ്യാപകമാകുന്ന തിനോടൊപ്പം കൈപ്പത്തി, സ്ക്രീൻ ആയി ഉപയോഗിക്കാവുന്ന മൊബൈലുകളും, മനുഷ്യരുടെ ഫീലിംഗ്സും ഇമോഷൻസും മനസ്സിലാകുന്ന കമ്പ്യൂട്ടറുകൾ നിർമിക്കാനാവുന്ന Blue eyes technology വരെയുള്ള സാങ്കേതിക വിദ്യയുടെ വിസ്മയങ്ങൾ നാം കാണാനിരിക്കുന്നു.

ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള വാഹന നിർമ്മാണം, എ.ഐ. ക്യാമറ ഉപയോഗിച്ചുള്ള വാഹന പരിശോധന, ത്രീഡി പ്രിന്റിംഗ് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണങ്ങൾ, റോബോട്ടുകൾ ഉപയോഗിച്ചുള്ള ശസ്ത്രക്രിയകൾ തുടങ്ങിയവ ഇന്ന് നാം കണ്ടും കേട്ടും കൊണ്ടിരിക്കുന്ന യാഥാർത്ഥ്യങ്ങളാണ്. വിദ്യാഭ്യാസം, കൃഷി, വാണിജ്യം, വ്യവസായം, ആരോഗ്യം തുടങ്ങിയ സർവ്വമേഖലയിലും സാങ്കേതിക വിദ്യയുടെ സ്വാധീനം താരതമ്യേന വേഗത്തിലുള്ള വളർച്ചയ്ക്ക് ആക്കം കൂട്ടുന്നു.

വിവിധതരം സെൻസറുകൾ, ആർട്ടിഫിഷൽ ഇൻറലിജൻസ് (AI), ഇൻറർനെറ്റ് ഓഫ് തിങ്ങ്സ് (IoT), റോബോട്ടിക്സ്, ആധുനിക കമ്പ്യൂട്ടറുകൾ കൂടെ മെഷീൻ ലേർണിംഗ് (ML), വെർച്വൽ ആൻഡ് ഓഗുമെന്റഡ് റിയാലിറ്റി (VR/ AR), 5G തുടങ്ങിയവ ഒരുമിക്കുമ്പോൾ മാറ്റങ്ങളുടെ പെരുമഴ തന്നെ പ്രതീക്ഷിക്കാം. വിസ്മയങ്ങളുടെ പുതിയ ലോകത്തിനായി നമുക്ക് കാത്തിരിക്കാം.

സുബ്രഹ്മണ്യൻ. സി
എഞ്ചിനീയറിംഗ് ഇൻസ്ട്രക്ടർ

# വിശപ്പ് എന്ന ശത്രു

അഹമ്മദ് റാസി. പി.കെ
9 A

ഒന്ന് ചിന്തിച്ചു നോക്കൂ നമ്മൾ എല്ലാം എത്ര ഭാഗ്യവാന്മാരാണ്.

കാരണം നമ്മൾ ആരും പട്ടിണി എന്താണ് എന്ന് അനുഭവിച്ചിട്ടുണ്ടാവില്ല. വിശക്കുമ്പോൾ അന്നം തരാൻ നമുക്ക് അച്ഛനും അമ്മയും ഉണ്ട്. എന്നാൽ അച്ഛനും അമ്മയും ഉണ്ടായിട്ടും പട്ടിണി കിടക്കുന്നവരെ പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ. അങ്ങനെ ഉള്ള ഒരു ബാലന്റെ കഥയാണ് ഞാൻ പറയാൻ പോകുന്നത്. ശംബു എന്നാണ് ആ എട്ടു വയസ്സുകാരന്റെ പേര്. കൂലി പണിക്കാരനായ അവന്റെ അച്ഛൻ കിട്ടുന്ന കാശെല്ലാം കള്ള് കുടിച്ചും ധൂർത്തടിച്ചും തീർക്കും. അമ്മ മറ്റു വീട്ട് ജോലിക്കും മറ്റും പോയി ആണ് ശംബുവിനേയും മൂന്നും ഒന്നും വയസ്സുള്ള അവന്റെ സഹോദരങ്ങളേയും നോക്കുന്നത്. ഒഴിവ് കിട്ടുമ്പോൾ അവനും പോകാറുണ്ട് ചെറിയ ചെറിയ ജോലികൾക്കൊക്കെ പക്ഷെ മിക്കവാറും അവർ പട്ടിണിയാണ്. ഇങ്ങനെയിരിക്കെ പെട്ടന്നൊരു ദിവസം അവന്റെ അമ്മ മരണപെട്ടു. പട്ടിണി ആയിരുന്നു മരണകാരണം. ഉള്ള ഭക്ഷണം മക്കൾക് നൽകി അവന്റെ അമ്മ മിക്കപ്പോഴും പട്ടിണി കിടക്കുമായിരുന്നു. അമ്മ മരിച്ചപ്പോൾ അച്ഛൻ വേറെയൊരു സ്ത്രീയുടെ കൂടെ താമസിക്കാൻ തുടങ്ങി. പിന്നെ വിശപ്പായി അവന്റെ ഏറ്റവും വലിയ ശത്രു. വിശന്നു കരയുന്ന തവന്റെ ഒന്നര വയസ്സുള്ള അനിയനെയും മൂന്നര വയസ്സുള്ള അനിയത്തിയേയും കൊണ്ട് അവൻ തെരിവായ തെരിവെല്ലാം അലഞ്ഞു. മെല്ലെ മെല്ലെ അവനും വിശന്ന് അവശനായി. അപ്പോഴാണ് ഈച്ചകൾ ഒരു കുട്ടയുടെ ചുറ്റിനും കൂടി നിൽക്കുന്നത് അവന്റെ ശ്രദ്ധയിൽപ്പെട്ടത്.

---

# സമ്പന്നനായ ടിക്കോ

ആഫ്രിക്കയിലെ സോമാലിയയിൽ ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ച ഒരാളായിരുന്നു ടിക്കോ.

ടിക്കോ ജനിച്ചപ്പോൾ അമ്മ അച്ഛനോട് പറഞ്ഞു:"നമ്മൾ വളർന്നത് പോലെ നമ്മുടെ കുഞ്ഞ് വളരരുത്.നമുക്ക് നമ്മുടെ നാട്ടിൽ സമ്പന്നരേ പോലെ വളർത്തണം". അങ്ങനെ ടിക്കോയുടെ ചെറുപ്രായത്തിൽ തന്നെ അമ്മയും അച്ഛനും ജോലിക്ക് പോയി. പണം സമ്പാദിച്ച് ആഗ്രഹം പോലെ വളർത്തി.

അങ്ങനെ ടിക്കോയുടെ അമ്മയുടെ നിർബന്ധപ്രകാരം സമ്പന്നർ പഠിക്കുന്ന സ്കൂളിൽ ചേർത്തി. മകനെ സമ്പന്നനായി വളർത്തണം പഠിപ്പിക്കണം എന്ന് ആഗ്രഹമുള്ള മാതാപിതാക്കൾ രാപ്പകൽ ഇല്ലാതെ ജോലിയെടുത്ത് ഫീസടച്ചു. ഇടയ്ക്ക് മാത്രമേ അവര് മകനെ കാണാൻ ബോർഡിങ് സ്കൂളിൽ വരുകയുള്ളൂ. ദരിദ്ര്യത്തിന്റെ വിഷമം മകനെ അറിയിക്കാതെ വളർത്തി.

അങ്ങനെ ഏറെ വർഷങ്ങൾ കഴിഞ്ഞു. ടിക്കോ +2 പഠിക്കുമ്പോൾ കുറെ കാലം ഫീസടക്കാത്തത് കാരണം അവനെ സ്കൂളിൽ നിന്ന് ഇറക്കി വിട്ടു. 12 വർഷം ഫീസടയ്ക്കാൻ അച്ഛനും അമ്മയും വരാത്തത് എന്തെന്ന ഭീതിയിൽ ടിക്കോ അഡ്രസ്സ് നോക്കി വീട്ടിൽ എത്തി.വീട്ടിൽ എത്തിയപ്പോൾ അവൻ കാണുന്നത് ചെറിയ ഒരു ഓല മേഞ്ഞ വീട്. അവൻ ചെറുപ്പത്തില് തന്നെ ഇവിടെ വിട്ട് നഗരത്തിൽ പഠിക്കാൻ പോയിരുന്നു. അവന്റെ ചിന്തയിൽ പല ചോദ്യങ്ങള്ക്കും ഉത്തരം ഇല്ലാണ്ടായി. അവന്റെ മനസ്സിൽ വലിയ ഒരു വീടും ചുറ്റുപാടുമായിരുന്ന കാരണം ദാരിദ്ര്യം ഒന്നും ടിക്കൊയേ അറിയിച്ചില്ലയിരുന്നു. അങ്ങനെ അവൻ വീടിന്റെ അടുത്തേക്ക് പോയി. അവിടെ ആരും തന്നേ ഇല്ലായിരുന്നു. അങ്ങനെ അവൻ അയൽവീടുകളിൽ അന്വേഷിച്ചു. ആദ്യം ഇവനെ കണ്ടപ്പോൾ അപരിചിതനായി തോന്നിയെങ്കിലും അയ്യൽവാസിക്ക് മനസ്സിലായി. അയ്യൽവാസി അവനോട് എല്ലാം പറഞ്ഞു. കുറച്ച് മാസങ്ങൾക്ക് മുന്പ് അവന്റെ അച്ഛൻ മരണപ്പെട്ടിരുന്നു എന്നും തൽപ്പലം അമ്മയ്ക്ക് സ്വബോധം നഷ്ടപ്പെട്ടുവെന്നും ദൂരെ എവിടെയോ ചികിൽസായിലാണെന്നും . ഇതെല്ലാം അറിഞ്ഞ അവൻ ഒരു നിമിഷം ഷോക്ക് ആയി. അവൻ കാണുന്ന അച്ഛൻ സമ്പന്നനായിരുന്നു. അവനറിയില്ലായിരുന്നു ഇവിടെ ദാരിദ്രമാണെന്നും. അങ്ങിനെ അവൻ അതിനെ കുറിച്ച് കൂടുതൽ ചോദിച്ചറിഞ്ഞു. തന്റെ അച്ഛൻ തനിക്ക് വേണ്ടി രാപ്പകൽ ഇല്ലാതെ കഷ്ടപ്പെടുകയാണെന്നും, കുറച്ച് മാസങ്ങൾക്ക് ശേഷം രോഗം ബാധിച്ച് ഓപ്പറേഷനുവേണ്ടി അലഞ്ഞു തിരിഞ്ഞു ഒടുവിൽ മരണപ്പെട്ടു. ഇത് പറഞ്ഞു തീരുന്നതിന് മുൻപേ ടിക്കോ കരയുകയും ചെയ്തു.

ഇവിടെ വന്നപ്പോൾ അവൻ പ്രതീഷിച്ചത് പോലെ അല്ല ഒന്നും. അങ്ങനെ അവൻ അവനെ ദാരിദ്ര്യമാണെന്നറിയിക്കാതെ വളർത്തിയ അമ്മയെ തിരഞ്ഞ് അവൻ യാത്ര ആരംഭിച്ചു.

പാർത്ഥിവ് കൃഷ്ണ. ഇ.ടി
9 A

# ഒരു അപൂർവ്വ സെൽഫി

ഉച്ചഭക്ഷണം കഴിച്ചു. എല്ലാവരും കളിക്കാൻ ഒരുങ്ങി അപ്പോഴാണ് അത് കണ്ടത്. കുട്ടികൾ ആർത്തു വിളിച്ചു.

"നോക്കൂ..."

എല്ലാവരുടെയും നോട്ടം സ്കൂളിന്റെ മൂന്നാം നിലയിലെ ചുമരിനു മുകളിലേക്കായി. എന്തോ അനങ്ങുന്നു. ഏതോ ജീവിയാണ്. കുട്ടികൾ തറപ്പിച്ചു പറഞ്ഞു.

"ഡാ വലിയ വട്ടക്കണ്ണാ". ജിത്തു കണ്ടുപിടിച്ചു.

"ദേ ഇങ്ങോട്ട് നോക്കൂ... മുഖത്തിന് നല്ല വെളുപ്പ്."

റാസിയുടെ കണ്ടെത്തൽ ശരിയായിരുന്നു.

"ചിറകുണ്ട്, അതൊരു പക്ഷിയാണ്". ദീപു തീർപ്പാക്കി. ഓരോരുത്തരും ഓരോന്ന് പറഞ്ഞു. കുട്ടികളുടെ ബഹളം കൂടി. ചിറകനക്കി കുനിഞ്ഞ് മുന്നോട്ടാഞ്ഞു അത് കുട്ടികളെ നോക്കി മൂളി. എല്ലാവരും നിശബ്ദരായി. അത് പതിയെ പറഞ്ഞിറങ്ങി മേശയിൽ ഇരുന്നു. ധൈര്യശാലിയായ ഫാദി പോലും ബെഞ്ചിൽ ഇരുന്നു. എന്നിട്ട് പതിയെ ബെഞ്ചിന്റെ പിറകിലൊളിച്ചു.

വീണ്ടും നിശബ്ദത. അവർ സൂക്ഷിച്ചുനോക്കി. മുഖം ഹൃദയാകൃതി. മുഖവും ശരീരത്തിൻറെ അടിഭാഗവും വെള്ളനിറം.ഇടയ്ക്കിടെ ചാരനിറത്തിലുള്ള പുള്ളികൾ. തലയുടെ പിൻഭാഗവും ചിറകുകളും ഇളം തവിട്ടു നിറം.

" ശ്ശ്...ശ്ശ്... ഇതു മൂങ്ങയാ..."ക്ലാസിലെ ബുദ്ധിശാലിയായ ബാസിത് പറഞ്ഞു.

"അതെ ഞാൻ മൂങ്ങയാണ്,വെള്ളിമൂങ്ങ." ചിറകുവിടർത്തി ഒന്ന് അനങ്ങിയിരുന്ന് അത് പറഞ്ഞു. എല്ലാവരും കണ്ണുമിഴിച്ച് നിന്നു. "എന്റെ സ്ഥിരവാസം ഈ ചുമരിന് മുകളിൽ തന്നെയാ..."

"ഞങ്ങളെ കാണാമോ"? എപ്പോഴും സംശയം ചോദിക്കുന്ന ക്ലാസ് ലീഡർ ആയ അശ്വത് ചോദിച്ചു.

"ചെറുതായി കാണാം. ചെറിയ ശബ്ദം പോലും നന്നായി കേൾക്കാം. അതുകൊണ്ടാണ് ഉണൈദും നുജൂമും പറഞ്ഞ ആ രഹസ്യം ഞാൻ കേട്ടത്. ശബ്ദത്തിന്റെ ദിശ മനസ്സിലാക്കിയാണ് ഞാൻ ഇരപിടിക്കുന്നത്."

"നമുക്കിതിനെ പിടിക്കാം."സാബിത്ത് പതിയെ പറഞ്ഞു.

"നിങ്ങൾക്ക് ഞാൻ ഒരുപാട് ഉപകാരം ചെയ്യുന്നുണ്ട്. ലോകത്തിലെ ഏറ്റവും കൂടുതൽ എലികളെ പിടിക്കുന്നത് ഞങ്ങൾ തന്നെ."

"എലിയെ നിങ്ങൾ എങ്ങനെയാണ് തിന്നുന്നത്?"പതുക്കെ അടുത്തെത്തി റഫീഖ് ചോദിച്ചു. മൂങ്ങ നീട്ടി മൂളി.

"വിഴുങ്ങും. ദഹിക്കാത്തത് എല്ലാം ഛർദിച്ച് കളയും." കുട്ടികൾക്ക് കൗതുകമായി. മൂങ്ങയെ എറിയാൻ എടുത്ത കല്ലുകൾ നിഹാദിന്റെ കൈയിൽനിന്ന് ഉതിർന്ന് വീണു.

"എവിടെയാ താമസിക്കുന്നേ?"

"കുഞ്ഞു മൂങ്ങയുണ്ടോ കൂട്ടിൽ?". ഇഷ്ടംകൊണ്ട് ഷുഹൈമ് ചോദിച്ചു.

"തൂവലുകളും ചവറുകളും നിരത്തി മരപ്പൊതുകളിലോ ഇരുളടഞ്ഞ മാളങ്ങളിലോ കൂടുകൂട്ടും. എൻറെ മുട്ടകൾ 34 ദിവസത്തിനകം വിരിയും. 65 ദിവസത്തിനകം എന്റെ കുഞ്ഞുങ്ങൾ പറക്കാനാകും.

കുട്ടികളുടെ പേടി മാറി.

ഷൈൻ അടുത്തേക്ക് വന്നു മെല്ലെ ഒന്ന് തൊട്ടു. പഞ്ഞിയിൽ തൊടുന്നത് പോലെ.

"ആളുകൾ എന്നെ കണ്ടാൽ വെറുതെ വിടില്ല. അതും അന്ധവിശ്വാസത്തിന്റെ പേരിൽ. സത്യമല്ലാത്ത വിശ്വാസങ്ങളിൽ എന്നെ പോലെയുള്ളവർക്ക് ജീവിക്കാൻ വയ്യ.

എൻറെ കുഞ്ഞുങ്ങൾ. പേടിയോടെയാ ഞാനെപ്പോഴും കഴിയുന്നെ."

"ഞങ്ങൾ ഒരു സെൽഫി എടുത്തോട്ടെ?" മൂങ്ങയുടെ സങ്കടം മാറ്റാനും കൂടി ജദീർ ചോദിച്ചു. ടീച്ചറെയും കൂട്ടി കുട്ടികൾ സെൽഫി എടുത്തു.

ചിറകുവിടർത്തി തല ഉയർത്തി വെള്ളിമൂങ്ങ കുട്ടികൾക്കായി പോസ് ചെയ്തു.

പുതിയ ചങ്ങാതിയെ കിട്ടിയ കുട്ടികൾക്ക് ഉത്സാഹമായി.

"പിന്നെ കാണാം". വെള്ളിമൂങ്ങ പറന്നുയർന്നു തീറ്റ തേടി പോയി.

ക്ലാസ്സ് വീണ്ടും നിശബ്ദമായി.

സക്കീബ് അഹമ്മദ്. സി. പി
8 B

---

# വഴിയോര കാഴ്ചകൾ

തെക്ക് വടക്കും ചീറിപ്പായും
ശഖണ്ഡം പോലെ വാഹനങ്ങൾ
ഇതിനിടയിൽ ചീറിപ്പായും
മാമനുഷനും പറവകളും
വഴിനടയിൽ ഇരിക്കുന്നാപ്പനുമാർ
പല പല ചരക്കുകളുമായി
പിച്ചയെടുക്കാൻ മറ്റു ചിലരും
ആകെ ആളുകൾ പഹയൻമാർ
“ആരപ്പോ” “ഹിറ്റോ”
കൂകി വിളിക്കും
മധ്യ കച്ചവടക്കാരൻ
ഒരു നടക്കാരൻ
പൊന്നൊ,പൊന്നൊ
കൂവി വിളിക്കും
ഓട്ടോ കാരും ടാക്സിക്കാരും
കൂട്ട് കുടുംബം പാതി
കളഞ്ഞ അപ്പൂപ്പൻ മാരുടെ
കണ്ണുനീര് പാഴ് നീരായി ഒഴുകുന്നേ
ജീവിത പാഠ ഭാഗങ്ങൾ
ചൂണ്ടി കാട്ടി മനുഷന്
തന്ന് പാഠം നൽകും വഴിയോര കാഴ്ചകൾ

ഷിഫിൻ മുഹമ്മദ്. യു
9 B

# മഹത് വചനങ്ങൾ

1. ആദ്യ പരാചയം അഭിമുഖീകരിക്കാൻ ഒരിക്കലും ഭയക്കരുത്,കാരണം വിജയകരമായ കണക്കുപോലും തുടങ്ങുന്നത് സീറോയിൽ നിന്നാണ്.
   – എ.പി.ജെ അബ്ദുൽ കലാം

2. പാപത്തെ വെറുക്കുക പാപിയെ സ്നേഹിക്കുക.
   –ഗാന്ധിജി

3. ഇന്നു ചെയ്യുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നമ്മുടെ ഭാവി.
   –ഗാന്ധിജി

4. ജീവിക്കുക എന്നതിലല്ല കാര്യം, നന്നായി ജീവിക്കുക എന്നതിലാണ്.
   –സോക്രട്ടീസ്

5. മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾഅവർക്കു ചെയ്യുവിൻ.
   –യേശു ക്രിസ്തു

6. ധനം എല്ലാവർക്കും നൽകാൻ കഴിയില്ല. എന്നാൽ മുഖപ്രസന്നമതും സദ്സ്വഭാവവും എല്ലാവർക്കും നൽകാൻ കഴിയും.
   –മുഹമ്മദ് നബി

7. ഒരാളുടെ അഭിപ്രായം ഒറ്റയിഴ മാത്രമുള്ള നൂലാണ്. രണ്ടാളുടേത് പിരിച്ച നൂലാണ്. രണ്ടിൽ കൂടുതൽ പേരുടേത് പൊട്ടാത്ത കയറാണ്.
   –ഖലീഫ ഉമർ

8. വീഴ്ച്ചകൾ ഒന്നും തന്നെ പറ്റാതിരിക്കുന്നതിലല്ല മഹാത്മ്യം. ഒരോ തവണയും എഴുന്നേൽക്കുന്നതിലാണ്.
   –കൺഫ്യൂഷ്യസ്

9. നിങ്ങൾ നിങ്ങളെ തന്നെ ബഹുമാനിക്കുക. എങ്കിൽ മറ്റുള്ളവർ നിങ്ങളെ ബഹുമാനിച്ചുകൊള്ളും.
   –കൺഫ്യൂഷ്യസ്

10. സ്വന്തം ദൗർബല്യങ്ങളെക്കുറിച്ച് പരാതി പറയുന്നവനാണ് ഏറ്റവും വലിയ പ്രതിഭാശാലി.
    –ഖലീഫ ഉമർ

11. ഒരു ജാതി,ഒരു മതം,ഒരു ദൈവം മനുഷ്യന്.
    –ശ്രീനാരായണ ഗുരു

അദ്നാൻ വി പി
9 A

# നന്ദി

ഡിജിറ്റൽ മാഗസിൻ പൂർത്തിയാക്കുവാൻ ഞങ്ങൾക്കുവേണ്ട എല്ലാ പിന്തുണയും പ്രചോദനവും ചെയ്തുതന്ന സുപ്രണ്ട് വിനോദ് സാറിനും, എഞ്ചിനീയറിംഗ് ഇൻസ്ട്രക്ടർ സുബ്രഹ്മണ്യൻ സാറിനും, SITC സുബൈർ സാറിനും, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് ജിൽസി ടിച്ചർക്കും, നുസ്റത്ത് ടീച്ചർക്കും, ഞങ്ങളുടെ മുൻ കൈറ്റ് മിസ്ട്രസ്സ് ശാന്തി ടീച്ചർക്കും, മറ്റു എല്ലാ അധ്യാപകർക്കും, ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും നന്ദി.

*The End*